# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4073 | 16.03.2017-ൽ മറുപടിയ്ക്ക്

## വയനാട് വന്യജീവി സങ്കേതത്തിൽ കാട്ടുതീ ഭീഷണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | അഡ്വ.കെ.രാജു<br>[വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കടുത്ത വരൾച്ചയും വേനലും കാരണം വയനാട് വന്യജീവി സങ്കേതം കാട്ടുതീ ഭീഷണിയിലാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) കർണാടകയിലെ ബന്ദിപ്പൂർ വന്യജീവി സങ്കേതത്തിൽ ഉണ്ടായ കാട്ടുതീയെ തുടർന്ന് തീറ്റയും വെള്ളവും കുറഞ്ഞ സാഹചര്യത്തിൽ വന്യജീവികൾ സംസ്ഥാനത്തിലേക്ക് കടന്നു വരാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; | (ബി) പരിശോധിച്ചിട്ടുണ്ട്. |
| സി) എങ്കിൽ ഇതിനെ പ്രതിരോധിക്കാൻ വനം വകുപ്പ് കൈക്കൊണ്ട മുൻ കരുതൽ നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ? | സി) ഇപ്രകാരം കടന്നു വരുന്ന വന്യജീവികളുടെ ആധിക്യംകൂടി കണക്കിലെടുത്തുകൊണ്ട് വയനാട് വന്യജീവി സങ്കേതത്തിൽ 118 എലഫന്റ് സ്കെയറിംഗ് വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി വാച്ചർമാർ രാപകൽ ഭേദമന്യേ വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങാതിരിക്കാൻ നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. കൂടുതൽ പ്രശ്ന ബാധിത പ്രദേശങ്ങളിൽ ഡിസ്പ്ലേ ബോർഡോടുകൂടിയ എസ്.എം.എസ് അലർട്ട് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ടി സംവിധാനത്തിന്റെ |

സഹായത്തോടെ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേക്ക് വോയ്സ് കോളും, മെസേജും വഴി വന്യജീവികളുടെ സാന്നിദ്ധ്യം സംബന്ധിച്ച മുന്നറിയിപ്പ് നൽകിവരുന്നുണ്ട്. ഇതിനായി റാപ്പിഡ റെസ്പോൺസ് ടീം. എലഫന്റ് സ്ക്വാഡ് എന്നിവയെ ഉൾപ്പെടുത്തി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ ഒരു കൺട്രോൾ യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**